1998-99

220 കെ. വി. - 2 എണ്ണം

110 കെ. വി. - 8 എണ്ണം

66 കെ. വി. - 1 എണ്ണം

1999-2000

220 കെ. വി. - 1 എണ്ണം

110 കെ. വി. - 5 എണ്ണം

2000-01

110 കെ. വി. - 12 എണ്ണം

66 കെ. വി. - 1 എണ്ണം

33 കെ. വി. - 6 എണ്ണം

2001-02

110 കെ. വി. - 4 എണ്ണം

33 കെ. വി. - 4 എണ്ണം

2002-03

110 കെ. വി. - 8 എണ്ണം

33 കെ. വി. - 8 എണ്ണം

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് പുതിയ സബ് സ്റ്റേഷനുകളും പുതിയ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ നടപടി

33 (923) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുതിയ സബ്സ്റ്റേഷനുകളും പുതിയ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം എവിടെയെല്ലാം സ്ഥാപിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) സബ് സ്റ്റേഷന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച് ഏതെല്ലാം പണികൾ ഇതിനകം പൂർത്തിയായിയെന്നും ഏതെല്ലാം പൂർത്തിയാകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ 8 പുതിയ 33 കെ. വി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1. തൃക്കരിപ്പൂർ – 1രണ്ട് 5 എം. വി. എ. ട്രാൻസ്ഫോർമറുകൾ.
2. വെസ്റ്റ് എളേരി – 5 എം. വി. എ. ട്രാൻസ്ഫോർമർ–ഒരെണ്ണം
3. ബദിയടുക്ക – 5 എം. വി. എ. ട്രാൻസ്ഫോർമർ–ഒരെണ്ണം
4. ബേളൂർ – 5 എം. വി. എ. ട്രാൻസ്ഫോർമർ–രണ്ടെണ്ണം
5. കാസർഗോഡ് ടൗൺ – 5 എം. വി. എ. ട്രാൻസ്ഫോർമർ–രണ്ടെണ്ണം
6. പെർള – 5 എം. വി. എ. ട്രാൻസ്ഫോർമർ – രണ്ടെണ്ണം
7. അനന്തപുരം – 5 എം. വി. എ. ട്രാൻസ്ഫോർമർ – രണ്ടെണ്ണം
8. നീലേശ്വരം – 5 എം. വി. എ. ട്രാൻസ്ഫോർമർ – രണ്ടെണ്ണം

(സി) മേൽപ്പറഞ്ഞ സബ് സ്റ്റേഷനുകളിൽ കാസർഗോഡ് ടൗൺ, നീലേശ്വരം എന്നിവയുടെ സ്ഥലം ഇനിയും നിർണ്ണയിച്ചിട്ടില്ല. ബദിയടുക്ക സബ് സ്റ്റേഷനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും ചെയ്തു കഴിഞ്ഞു.

(ഡി) സബ് സ്റ്റേഷനുകളുടെ പണികൾ ഷെഡ്യൂൾ അനുസരിച്ചാണ് ചെയ്യുന്നത്. മുൻഗണന നിശ്ചയിച്ചിട്ടില്ല. കാസർഗോഡ് ജില്ലയിലെ സബ്സ്റ്റേഷനുകളിൽ

1. തൃക്കരിപ്പൂർ
2. വെസ്റ്റ് എളേരി
3. ബേലൂർ

4. പെർള എന്നിവ ഈ സാമ്പത്തികവർഷം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പനത്തടി സബ് സ്റ്റേഷൻ

34 (924) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്കയ്ക്ക് സമീപമുള്ള പനത്തടി വില്ലേജിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly